**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1431** **08-12-2022 - ൽ മറുപടിയ്ക്ക്**

**വിനോദ സഞ്ചാരികൾക്ക് പ്രൊഫഷണൽ നിലവാരത്തിലുള്ള സേവനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ വി ജോയി** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ് (പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | വിനോദസഞ്ചാര കേന്ദ്രങ്ങളിൽ ഹോസ്പിറ്റാലിറ്റി മേഖലയിലെ സ്കിൽഡ് തൊഴിലാളികളുടെ അഭാവം പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | വിനോദസഞ്ചാര കേന്ദ്രങ്ങളിൽ ഹോസ്പിറ്റാലിറ്റി മേഖലയിലെ സ്കിൽഡ് തൊഴിലാളികളുടെ അഭാവം പരിഹരിക്കുന്നതിനും വിനോദസഞ്ചാരികൾക്ക് പ്രൊഫഷണൽ നിലവാരത്തിലുള്ള സേവനം ഉറപ്പാക്കുന്നതിനുമായി സംസ്ഥാനത്ത് ദേശീയ നിലവാരത്തിലുള്ള സ്ഥാപനങ്ങളായ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ്, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോട്ടൽ മാനേജ്മെന്റ് ആന്റ് കാറ്ററിംഗ് ടെക്നോളജി, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ്, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം ആന്റ് ട്രാവൽ സ്റ്റഡീസ് , ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട് എന്നിവയിലെ വിവിധ കോഴ്സുകൾ വഴി വൈദഗ്ദ്ധ്യമുള്ള മനുഷ്യവിഭവശേഷി രൂപപ്പെടുത്തി വരുന്നുണ്ട്. സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ്, കേന്ദ്ര ടൂറിസം മന്ത്രാലയത്തിന്റെ സഹായത്തോടെ ഹോസ്പിറ്റാലിറ്റി മേഖലയിൽ ജോലി ചെയ്യുന്നവർക്കായി 5 ദിവസത്തെ സൗജന്യ സ്കിൽ പരിശീലനം നൽകി വരുന്നുണ്ട്. ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട് വഴി വിനോദസഞ്ചാര വകുപ്പിലെ ജീവനക്കാർക്ക് മാനവ വിഭവശേഷി വികസനത്തിന്റെ ഭാഗമായി പരിശീലനം നൽകുന്നുണ്ട്. കേന്ദ്ര ടൂറിസം മന്ത്രാലയത്തിന്റെ സഹായത്തോടെ മൾട്ടി ക്യുസിൻ കുക്ക്, ഫ്രണ്ട് ഓഫീസ് അസോസിയേറ്റ്, ട്രഡീഷണൽ സ്നാക്ക്സ് & സേവറി മെയ്ക്കർ, തന്തൂർ കുക്ക് തുടങ്ങിയ കോഴ്സുകൾ കിറ്റ്സ്/സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് വഴി നടത്തി വരുന്നുണ്ട്.<br><br>സെന്റർ ഫോർ റെസ്പോൺസിബിൾ ടൂറിസം, ഹോസ്പിറ്റാലിറ്റി മേഖലയിലെ ഹോം സ്റ്റേ ഓപ്പറേറ്റർമാരുടെ നിലവാരം മെച്ചപ്പെടുത്താൻ പരിശീലനം നൽകി വരുന്നു. |

| | | | |
|---|---|---|---|
| | | | വിനോദസഞ്ചാരികൾക്ക് പ്രൊഫഷണൽ നിലവാരത്തിലുള്ള സേവനം ഉറപ്പാക്കുന്നതിനായി കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സഹായത്തോടെ ചുവടെ ചേർത്തിരിക്കുന്ന പരിശീലന പരിപാടികൾ കിറ്റ്സ് നടത്തി വരുന്നു.<br><br>1. ഇക്കോ ടൂറിസം മേഖലയിൽ നാച്ചുറലിസ്റ്റ് / ഇന്റർപ്രിട്ടർ പരിശീലനം.<br>2. കെ.എസ്.ആർ.ടി.സി - ടൂർ ഓപ്പേറേഷൻസ് മാനേജ്മെന്റ് ബഡ്ജറ്റ് ടൂറിസം സെല്ലിന് എക്സിക്യൂട്ടീവ് ഡെവലപ്മെന്റ് പ്രോഗ്രാം.<br>3. പി.ഡബ്ല്യൂഡി. റസ്റ്റ് ഹൗസ് സ്റ്റാഫിന് ഹോസ്പിറ്റാലിറ്റി & ഹൗസ് കീപ്പിംഗിൽ പരിശീലനം.<br>4. ടൂറിസം അവയർനസ് പ്രോഗ്രാം.<br>5. ഹുണാർ സെ റോസ്ഗാർ തക് പദ്ധതി.<br>6. ഡെസ്റ്റിനേഷൻ ബെയ്സ്ഡ് സ്കിൽ ഡെവലപ്മെന്റ് പ്രോഗ്രാം.<br><br>വിവിധ ഇക്കോ ടൂറിസം കേന്ദ്രങ്ങളിൽ തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾക്ക് ബേർഡ് വാച്ചിംഗ്, ഗൈഡിംഗ് സ്കിൽ, ഇന്റർപ്രിട്ടർ, ലോക്കൽ സ്പെസിഫിക്ക് ഫുഡ് ആന്റ് സ്നാക്ക്സ് പ്രിപ്പറേഷൻ, സസ്റ്റയിനബിൾ ടൂറിസം എഡ്യൂക്കേഷണൽ പ്രോഗ്രാം എന്നിവയിലും കിറ്റ്സ് പരിശീലനം നൽകുന്നുണ്ട്.<br><br>വിനോദസഞ്ചാര വകുപ്പിന് വേണ്ടി സംസ്ഥാനതല / പ്രാദേശിക തല പരിശീലനം കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം ആന്റ് ട്രാവൽ സ്റ്റഡീസ് (കിറ്റ്സ്) നടത്തി വരുന്നു. ഇതു കൂടാതെ ഓരോ മൂന്നു വർഷം കൂടുമ്പോഴും സംസ്ഥാനതല / പ്രാദേശിക തല ഗൈഡുകൾക്ക് മൂന്നു ദിവസം നീണ്ടു നിൽക്കുന്ന റിഫ്രഷർ കോഴ്സ് കിറ്റ്സ് നൽകി വരുന്നുണ്ട്.<br><br>സാഹസിക ടൂറിസ്റ്റുകൾക്ക് നല്ല സേവനവും സുരക്ഷയും ഉറപ്പാക്കുന്നതിനായി കിറ്റ്സ് പരിശീലനം നൽകി വരുന്നുണ്ട്. |
| (ബി) | വിനോദസഞ്ചാരികൾക്ക് പ്രൊഫഷണൽ നിലവാരത്തിലുള്ള സേവനം ഉറപ്പാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വിശദമാക്കാമോ? | (ബി) | വിനോദസഞ്ചാര കേന്ദ്രങ്ങളിൽ ഹോസ്പിറ്റാലിറ്റി മേഖലയിലെ സ്കിൽഡ് തൊഴിലാളികളുടെ അഭാവം പരിഹരിക്കുന്നതിനും വിനോദസഞ്ചാരികൾക്ക് പ്രൊഫഷണൽ നിലവാരത്തിലുള്ള സേവനം ഉറപ്പാക്കുന്നതിനുമായി സംസ്ഥാനത്ത് ദേശീയ നിലവാരത്തിലുള്ള സ്ഥാപനങ്ങളായ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ്, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോട്ടൽ മാനേജ്മെന്റ് ആന്റ് കാറ്ററിംഗ് ടെക്നോളജി, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ്, കേരള ഇൻസ്റ്റിറ്റ്യൂട്ട് |

ഓഫ് ടൂറിസം ആന്റ് ട്രാവൽ സ്റ്റഡീസ് , ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട് എന്നിവയിലെ വിവിധ കോഴ്സുകൾ വഴി വൈദഗ്ധ്യമുള്ള മനുഷ്യവിഭവശേഷി രൂപപ്പെടുത്തി വരുന്നുണ്ട്. സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ്, കേന്ദ്ര ടൂറിസം മന്ത്രാലയത്തിന്റെ സഹായത്തോടെ ഹോസ്പിറ്റാലിറ്റി മേഖലയിൽ ജോലി ചെയ്യുന്നവർക്കായി 5 ദിവസത്തെ സൗജന്യ സ്കിൽ പരിശീലനം നൽകി വരുന്നുണ്ട്. ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട് വഴി വിനോദസഞ്ചാര വകുപ്പിലെ ജീവനക്കാർക്ക് മാനവ വിഭവശേഷി വികസനത്തിന്റെ ഭാഗമായി പരിശീലനം നൽകുന്നുണ്ട്. കേന്ദ്ര ടൂറിസം മന്ത്രാലയത്തിന്റെ സഹായത്തോടെ മൾട്ടി ക്യുസിൻ കുക്ക്, ഫ്രണ്ട് ഓഫീസ് അസോസിയേറ്റ്, ട്രഡീഷണൽ സ്നാക്ക്സ് & സേവറി മെയ്ക്കർ, തന്തൂർ കുക്ക് തുടങ്ങിയ കോഴ്സുകൾ കിറ്റ്സ്/സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് വഴി നടത്തി വരുന്നുണ്ട്.

സെന്റർ ഫോർ റെസ്പോൺസിബിൾ ടൂറിസം, ഹോസ്പിറ്റാലിറ്റി മേഖലയിലെ ഹോം സ്റ്റേ ഓപ്പറേറ്റർമാരുടെ നിലവാരം മെച്ചപ്പെടുത്താൻ പരിശീലനം നൽകി വരുന്നു.

വിനോദസഞ്ചാരികൾക്ക് പ്രൊഫഷണൽ നിലവാരത്തിലുള്ള സേവനം ഉറപ്പാക്കുന്നതിനായി കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സഹായത്തോടെ ചുവടെ ചേർത്തിരിക്കുന്ന പരിശീലന പരിപാടികൾ കിറ്റ്സ് നടത്തി വരുന്നു.

1. ഇക്കോ ടൂറിസം മേഖലയിൽ നാച്ചുറലിസ്റ്റ് / ഇന്റർപ്രിട്ടർ പരിശീലനം.
2. കെ.എസ്.ആർ.ടി.സി - ടൂർ ഓപ്പേറേഷൻസ് മാനേജ്മെന്റ് ബഡ്ജറ്റ് ടൂറിസം സെല്ലിന് എക്സിക്യൂട്ടീവ് ഡെവലപ്മെന്റ് പ്രോഗ്രാം.
3. പി.ഡബ്ല്യൂ.ഡി. റസ്റ്റ് ഹൗസ് സ്റ്റാഫിന് ഹോസ്പിറ്റാലിറ്റി & ഹൗസ് കീപ്പിംഗിൽ പരിശീലനം.
4. ടൂറിസം അവയർനസ് പ്രോഗ്രാം.
5. ഹുണാർ സെ റോസ്ഗാർ തക് പദ്ധതി.
6. ഡെസ്റ്റിനേഷൻ ബെയ്സ്ഡ് സ്കിൽ ഡെവലപ്മെന്റ് പ്രോഗ്രാം.

വിവിധ ഇക്കോ ടൂറിസം കേന്ദ്രങ്ങളിൽ തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾക്ക് ബേർഡ് വാച്ചിംഗ്, ഗൈഡിംഗ് സ്കിൽ, ഇന്റർപ്രിട്ടർ, ലോക്കൽ സ്പെസിഫിക്ക് ഫുഡ് ആന്റ് സ്നാക്ക്സ് പ്രിപ്പറേഷൻ, സസ്റ്റയിനബിൾ ടൂറിസം എഡ്യൂക്കേഷണൽ പ്രോഗ്രാം എന്നിവയിലും കിറ്റ്സ് പരിശീലനം നൽകുന്നുണ്ട്.

| | | | |
|---|---|---|---|
| | | | വിനോദസഞ്ചാര വകുപ്പിന് വേണ്ടി സംസ്ഥാനതല / പ്രാദേശിക തല പരിശീലനം കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം ആന്റ് ട്രാവൽ സ്റ്റഡീസ് (കിറ്റ്സ്) നടത്തി വരുന്നു. ഇതു കൂടാതെ ഓരോ മൂന്നു വർഷം കൂടുമ്പോഴും സംസ്ഥാനതല / പ്രാദേശിക തല ഗൈഡുകൾക്ക് മൂന്നു ദിവസം നീണ്ടു നിൽക്കുന്ന റിഫ്രഷർ കോഴ്സ് കിറ്റ്സ് നൽകി വരുന്നുണ്ട്.<br><br>സാഹസിക ടൂറിസ്റ്റുകൾക്ക് നല്ല സേവനവും സുരക്ഷയും ഉറപ്പാക്കുന്നതിനായി കിറ്റ്സ് പരിശീലനം നൽകി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ